# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.സ്.എ.-ഇ.കെ.എംഎ.(പി5)517/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.സ്.എ.-ഇ.കെ.എംഎ.(പി5)517/2021 തീയ്യതി: 31/03/2021

## എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്.കെ.കെ | ഡെപ്യൂട്ടി ഡെയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജീവ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ബാബു പുത്തനങ്ങാടി | പ്രസിഡന്റ് | 01-04-2019 | 15-10-2019 |
| ബീന അലി | പ്രസിഡന്റ് | 16-10-2019 | 30-10-2019 |
| കെ.എ). ഹാരിസ്. | പ്രസിഡന്റ് | 31-10-2019 | 31-03-2020 |
| ഷാജി.എ).വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷേർളി ജോർജ്ജ് .പി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ജാസ്മി. എം. മുഹമ്മദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ജോണി.കെ.കുര്യാക്കോസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| മിനി തോമസ് | ഹെഡ്മാസ്റ്റർ | 01-06-2019 | 30-06-2019 |
| ആന്റണി | ഹെഡ്മാസ്റ്റർ | 01-07-2019 | 31-03-2020 |
| നിസാമോൾ എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശാന്തി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |
| ലിബി ആന്റണി | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| സിജി മത്തായി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ഷഹനാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 31-03-2020 |
| സന്ധ്യ | വി.ഇ.ഒ. എസ്.എൻ.പുരം | 01-04-2019 | 23-09-2020 |
| റഷീദ | വി.ഇ.ഒ. എസ്.എൻ.പുരം | 24-09-2019 | 31-03-2020 |
| സൂരജ്.കെ.എസ് | വി.ഇ.ഒ. ചൂർണ്ണിക്കര | 01-04-2019 | 23-09-2019 |
| ബിന്ദു നടുവിലത്ത് | വി.ഇ.ഒ. ചൂർണ്ണിക്കര | 24-09-2019 | 31-03-2020 |
| വിനില | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജോൺ ഷെറി | കൃഷി ഓഫീസർ | 01-04-2019 | 04-08-2019 |
| സുധാകുമാരി. ജെ.എസ് | കൃഷി ഓഫീസർ | 05-08-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S.Suresh (Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Prasad P G (Asst. Audit Officer, On 27-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Prasad P G (Asst. Audit Officer, On 27-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Prasad P G (Asst. Audit Officer, On 27-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-6 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 27-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-10 |
| 11 | രസീത് പരിശോധനയിലെ അപാകതകൾ<br>Written By: Aneesh T S (Auditor, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-11 |
| 12 | ശുചിത്വമിഷനിൽ നിന്ന് ലഭിക്കാനുള്ള തുക ലഭിച്ചില്ല<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-12 |
| 13 | റെസ്റ്റോറേഷന് ചാർജ് കണക്കാക്കിയതിൽ നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-13 |
| 14 | വാഹനങ്ങളുടെ ലോഗ് ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-14 |
| 15 | ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-15 |
| 16 | ഫണ്ട് സൂക്ഷിക്കുവാൻ ഒന്നിലധികം അക്കൗണ്ടുകൾ-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-16 |
| 17 | അംഗൻ വാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-17 |
| 18 | കരാറുകാരൻ ടെണ്ടർ നിബന്ധനകൾ പാലിച്ചിട്ടില്ല.<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-18 |

| | | |
|---|---|---|
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-19 |
| 20 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-20 |
| 21 | ഹരിത കർമ്മ സേന പിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടാനാകുന്നില്ല<br>Written By: S.Suresh (Audit Officer, On 26-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-21 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-22 |
| 23 | ചെലവുകൾ തെറ്റായ അക്കൗണ്ട് ഹെഡുകളിൽ ബുക്ക് ചെയ്തു<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-23 |
| 24 | തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-24 |
| 25 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-25 |
| 26 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-26 |
| 27 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പരിശോധന<br>Written By: Prasad P G (Asst. Audit Officer, On 30-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-27 |
| 28 | ഓഡിറ്റ് ഇപാക്ട് -ഹരിത സഹായിക്ക് വേതനം നൽകൽ-അർഹമായ തുക മാത്രം നൽകി<br>Written By: S.Suresh (Audit Officer, On 26-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-28 |
| 29 | ഓഡിറ്റ് ഇംപാക്ട് - അധികം നൽകിയ തുക തിരിച്ചടച്ചു<br>Written By: S.Suresh (Audit Officer, On 26-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-29 |
| 30 | നല്കേണ്ടതില്ലാത്ത ജി.എസ്.ടി നല്കി<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-30 |
| 31 | ജി.എസ്.ടി നൽകേണ്ടതില്ലായെങ്കിലും കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനൊപ്പമുള്ള ജി.എസ്.ടി നൽകി<br>Written By: Rajeev.R (Senior Grade Auditor, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-31 |
| 32 | വാഹന ഇൻഷുറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-32 |
| 33 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-33 |
| 34 | പട്ടികജാതി വിഭാഗക്കാർക്കുള്ള ശ്മശാനം ഫീസ് റീഫണ്ട്<br>Written By: Prasad P G (Asst. Audit Officer, On 30-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 1-34 |
| **ഭാഗം 2** | | |
| 1 | റെസ്റ്റോറേഷൻ ചാർജ് തെറ്റായി കണക്കാക്കിയതു മൂലം നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 2-1 |
| **ഭാഗം 3** | | |

--- No Records Found ---

| | | |
|---|---|---|
| | **ഭാഗം 4** | |
| 1 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ<br>Written By: S.Suresh (Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad P G (Asst. Audit Officer, On 30-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.Suresh (Audit Officer, On 29-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Prasad P G (Asst. Audit Officer, On 28-03-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 വർഷത്തെ ബജറ്റ് 20-02-19 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 04-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 13/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ആദ്യ ബജറ്റ് | 16733863 | 89377708 | 106111571 | 81653022 | 24458549 |
| പുതുക്കിയ ബജറ്റ് | 74536006 | 239698403 | 314234409 | 266718273 | 47516136 |

വാർഷിക കണക്ക് പ്രകാരം പ്രാരംഭബാക്കി (മുന്നിരിപ്പ് ) 16733863/- ആണ്. എന്നാൽ പുതുക്കിയ ബജറ്റ് തയ്യാറാക്കിയപ്പോൾ പ്രാരംഭബാക്കി 74536006/- രൂപയെന്നാണ് എടുത്തിട്ടുള്ളത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കിലെ അപാകതകൾ

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ 28-5-2020 -ൽ ഓൺലൈനായി ലഭ്യമായിട്ടുള്ളതാണ്. ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. ഡെപ്പോസിറ്റ് പ്രവത്തികൾക്കായി KSEB, KWA എന്നിവർക്ക് നൽകിയ തുകയുടെ കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4.സാനിറ്റേഷൻ ഹെഡിലെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് SBI സാനിറ്റേഷൻ അക്കൗണ്ടിലെ B17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. ദുരിതാശ്വാസ നിധി അക്കൗണ്ടിലെ പലിശ വരവ് ആ അക്കൗണ്ടിന്റെ കണക്കിലെടുത്തിട്ടില്ല.

6. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

7. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 77,24,686/-രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,07,14,129/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

8) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസിവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് കണക്കാക്കി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ദുരന്തനിവാരണ റിസോഴ്സ് ടീമിനുള്ള പരിശീലന ചെലവുമായി ബന്ധപ്പെട്ട് കില യിൽ നിന്നും ലഭിക്കുവാനുള്ള തുക ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറൻറ് ) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

9) ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുത്താനാവുന്നില്ല.

8) വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന പല രജിസ്ററുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ലെഡ്ജർ ബാലൻസകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

9) ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. സാംഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൌണ്ടിങ്ങ് എൻട്രികൾ വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,67,33,863 |
| വരവ് | 8,93,77,708 |
| ആകെ | 10,61,11,571 |
| ചെലവ് | 8,16,53,022 |
| നീക്കിയിരിപ്പ് | 2,44,58,549 |
| വരവിനങ്ങളിലെ നഷ്ടം | 2,07,538 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 1,76,36,366 | 1,76,36,366 | 1,19,63,558 | 56,72,808 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 67,38,176 | 67,38,176 | 44,22,494 | 23,15,682 | 0 |
| വികസനഫണ്ട് -ടി.എസ്.പി. | 0 | 4,72,000 | 4,72,000 | 77,722 | 3,94,278 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 1,04,94,000 | 1,04,94,000 | 54,00,682 | 50,93,318 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 36,63,000 | 36,63,000 | 16,93,103 | 9,69,897 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 93,02,293 | 93,02,293 | 59,96,539 | 38,05,754 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം | 8,66,095 | 6,60119 | 15,26,214 | 8,00,000 | 0 | 2,21,566 |
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ(TSC) | 1,49,803 | 34,725 | 1,84,528 | 0 | 0 | 1,84,528 |
| സാനിറ്റേഷൻ-പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് | 5,35,000 | 0 | 5,35,000 | 3,55,690 | 0 | 1,79,310 |
| സാനിറ്റേഷൻ | 13,09,306 | 5,282 | 13,14,588 | 0 | 0 | 13,14,588 |
| ശുചിത്വമിഷൻ ഫണ്ട് | 13,381 | 0 | 13,381 | 2500 | 0 | 10,881 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 1,22,728 | 1,87,248 | 3,09,976 | 2,61,962 | 0 | 48,014 |
| മറ്റുള്ളവ ( വിമുക്തി ഫണ്ട് ഉൾപ്പെടെ) | 10,56,506 | 28,000 | 10,84,506 | 0 | 0 | 10,84,506 |

320100115-TSC എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2019-20 വർഷം 1,84,528/- രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ 320300103 - ടോട്ടൽ സാനിറ്റേഷൻ എന്ന ഹെഡിൽ 13,14,588/- രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു. SBT യിൽ തുടങ്ങിയിട്ടുള്ള സാനിട്ടേഷൻ അക്കൗണ്ടിന്റെ (അക്കൗണ്ട് ഹെഡ് -450610101) ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഇവയിൽ നിന്നും വ്യത്യസ്തമായി 1,58,860/- രൂപയാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരുപ്പുതുക, ആ ആവശ്യത്തിലേക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പുതുകയും തുല്യമാകേണ്ടതാണ്. ഫണ്ട് വിനിയോഗത്തിലെ വ്യത്യാസം പരിശോധിച്ച് മറുപടി നൽകേണ്ടതാണ്. 320300199 - Grants, Funds & Contributions For Specific Purposes-Other Government Agencies എന്ന ഹെഡിൽ 2019-20 വർഷത്തെ നീക്കിയിരിപ്പതുക 10,84,506/- രൂപയാണ്. വിമുക്തി പദ്ധതിക്ക് ലഭിച്ച ഫണ്ടും ഈ അക്കൗണ്ടിലാണ് കണക്കിലെടുത്തിരിക്കുന്നത്. ഈ നീക്കിയിരുപ്പിൽ ഏതൊക്കെ ഫണ്ടിനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് കണ്ടെത്തി, വിനിയോഗിക്കാത്ത തുക ഫണ്ട് നൽകിയ സ്ഥാപനത്തിലേക്ക്/ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 231 | 146367472 | 223 | 46177658 | 95 | 8 | 128 | 55.4 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35,400 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 18,63,600 | 631 |
| വാർദ്ധക്യകാലപെൻഷൻ | 1,06,53,900 | 3528 |
| വിധവാപെൻഷൻ | 72,19,200 | 2438 |
| വികലാംഗപെൻഷൻ | 18,09,400 | 603 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,10,000 | 70 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 308 | 6,04,751 | 6,05,059 | 3,83,493 | 2,21,566 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 51,05,900 | 51,05,900 | 51,05,900 | 0 |
| ആകെ | 308 | 57,10,651 | 57,10,959 | 54,89,393 | 2,21,566 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25/03/2021 3.15 പി.എം.ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 89,002/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. സേവനങ്ങളുടെ നിരീക്ഷണ സംവിധാനം സൂചിക സോഫ്റ്റ്‌വെയറിലൂടെ നിരീക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രവ്യത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുവാൻ ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമായി എടുത്തു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, തരം കാണിക്കുന്ന രജിസ്ററർ, എഴുതി സൂക്ഷിക്കുവാനും ലോഗ്ഗ് ബുക്കിൽ ഫ്യുവൽ ഉപയോഗത്തിന്റെ മാസാന്ത്യ സംഗ്രഹം എഴുതുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഔട്ട് ഡോർ കളക്ഷൻ പിരിവിന്റെ കൃത്യതയും ഒടുക്കും സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്ന രസീതുകളിലും ഹരിത കർമ്മ സേന യൂസർ ഫീ പിരിക്കുന്ന രസീതുകളിലും അപാകതകൾ സംഭവിച്ചിട്ടുള്ളതിനാൽ പിരിവിന്റേയും അടവിന്റേയും കാര്യം സുതാര്യമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഒട്ടുമിക്ക പ്രോജക്ടുകളുടെ ഫയലിലിലും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. അതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി നടത്തുന്നുണ്ടോയെന്ന് വർക്കിംഗ് ഗ്രൂപ്പ് കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് . കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/01/2021 | ഒക്ടോബർ 2020- ഡിസംബർ 2020 | 17.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/01/18- 20/01/2018 | 2012-13-2016-17 | 26/03/2018 |

## 1-11 രസീത് പരിശോധനയിലെ അപാകതകൾ

കൃഷിഭവൻ

കൃഷി ഓഫീസർ നടപ്പിലാക്കിയ വിത്ത് /വളം വിതരണം എന്ന പ്രോജക്റ്റിന് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം സ്വീകരിച്ച രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഉപയോഗിച്ച് രസീത് ബുക്കുകൾ | 54754,54755,54771,54772,54773, 54777,62378,62384 |

1. പണം സ്വീകരിച്ചതിന് നൽകുന്ന രസീതുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തുന്നില്ല..
2. 54754രസീത് ബുക്കിലെ 1 മുതൽ 100 വരെയുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല
3. KTC വാല്യം 1 ആർട്ടിക്കിൾ 92 ബി കുറുപ്പ് 2 ൽ വിവരിക്കുന്ന പ്രകാരം രസീത് ബുക്കുകളുടെ ഫോറങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. രസീത് ഫോറങ്ങളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല
5. രസീതിൽ തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
6. രസീതിലെയും കളക്ഷൻ രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല അവ താഴെ കൊടുക്കുന്നു

| രസീത് ബുക്ക് നം | രസീത് പ്രകാരം തുക | കളക്ഷൻ രജിസ്റ്ററിലെ തുക | വ്യത്യാസം |
|---|---|---|---|
| 54771/1 | 2600 | 2850 | 250 |
| 54755/27 | 300 | 500 | 200 |
| 54772/74 | 380 | 480 | 100 |
| 54773/12 | 240 | 340 | 100 |
| 54773/19 | 280 | 380 | 100 |

| | | | |
|---|---|---|---|
| 54777/9 | 100 | 25 | കുറവ് വന്നത് 75/- |

7. രസീത് ബുക്ക് നമ്പർ 62384 ലെ രസീത് നമ്പർ 35 മുതൽ 100 വരെയുള്ള ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുറവ് വന്ന 75 രൂപ 29.03.2021 ൽ 120030107018 നം രസീതു പ്രകാരം പഞ്ചായത്ത് ഫണ്ടിലൊടുക്കിയിട്ടുണ്ട്. ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ശുചിത്വമിഷനിൽ നിന്ന് ലഭിക്കാനുള്ള തുക ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0216/19-20, മാലിന്യ നിർമ്മാർജനം |
| അടങ്കൽ | തനത് ഫണ്ട്- 300000 |
| ചെലവ് | ചെക്ക് നം.120358/13.12.19- 37175<br>ചെക്ക് നം.120385/30.12.2019- 400<br>ചെക്ക് നം. 26925/01.03.20- 260960<br>-------------------------------------------<br>298535 |

സർക്കാർ ഉത്തരവ് നമ്പർ 197/2020/ത.സ്വ.ഭ.വ തീയതി 24.01.2020 പ്രകാരം ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കിലോഗ്രാമിന് 7 രൂപ നിരക്കിൽ ചെലവിന്റെ വിശദാംശങ്ങൾ ശുചിത്വമിഷന് സമർപ്പിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന് ലഭിക്കുന്നതാണ്.

ക്ലീൻ കേരള കമ്പനിയ്ക്ക് 01.02.2020 മുതൽ 08.02.2020 വരെ 259315 കിലോ മാലിന്യം പഞ്ചായത്ത് കൈമാറിയതായുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ശുചിത്വമിഷൻ നൽകിയിട്ടില്ല. ചെലവ് കണക്കുകൾ ശുചിത്വമിഷന് സമർപ്പിച്ച് തുക ആവശ്യപ്പെടേണ്ടതാണ്.

## 1-13 റെസ്റ്റോറേഷന് ചാർജ് കണക്കാക്കിയതിൽ നഷ്ടം

14.02.2020 ലെ സി4-3133/19 നമ്പർ അനുമതി പ്രകാരം റിലയൻസ് ഇൻഫോകോം ലിമിറ്റഡ്, മാമംഗലം, കൊച്ചി എന്ന സ്ഥാപനത്തിന് 22 റോഡുകളിൽ 329 ജി.ഐ.പോൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ 02.04.2020 ലെ 119030400019 നമ്പർ രസീത് പ്രകാരം 1800765 രൂപ അടവാക്കിയിട്ടുണ്ട്.

ചീഫ് എൻജിനീയർ പി.ഡബ്ല്യു.ഡി റോഡ്സിന്റെ 30..03.2019 ലെ സി.ഇ./ആർ&ബി/ജി.എൽ-ആർ.സി/2/2019 നമ്പർ സർക്കുലർ പ്രകാരം ബി.റ്റി. സർഫസിൽ മിനിമം റെസ്റ്റോറേഷൻ വിഡ്ത്ത് 1 മീറ്ററായി എടുക്കണം. ഫയലിൽ കാണിച്ചിട്ടുള്ള എല്ലാ റോഡുകളും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ബി.എം.&ബി.സി. റോഡുകളാണ്. ഇതു പ്രകാരം റെസ്റ്റോറേഷൻ ചാർജ് കണക്കാക്കുമ്പോൾ

ട്രഞ്ച് നീളം - 1.5 മീറ്റർ

ട്രഞ്ച് വീതി - 0.6 മീറ്റർ (എടുക്കേണ്ടത് 1 മീറ്റർ)

329 ജി.ഐ. പോൾ സ്ഥാപിക്കുന്നതിന്റെ റേസ്റ്റോറേഷൻ വിസ്തീർണ്ണം

329X1.5x1=493.5 M2

ബി.എം.&ബി.സി.റോഡുകൾക്ക് ബാധകമായ നിരക്ക്- 4069.51 രൂപ/ ച.മീ.

| | |
|---|---|
| ആകെ ഈടാക്കേണ്ട തുക (493.5x 4069.51 ) | 2008303 |
| ഈടാക്കിയ തുക | 1800765 |
| ഈടാക്കിയതിലുള്ള കുറവ് | 207538 രൂപ. |

1.5 മീ X1.5 മീ. വലിപ്പമുള്ള 478 പോളുകൾ സ്ഥാപിക്കുന്നതിനുള്ള കുഴികൾ എടുക്കുന്നതിനാണ് റിലയൻസ് ഇൻഫോകോം ലിമിറ്റഡ് അനുമതി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഇവയിൽ ചിലത് സമീപ നഗരസഭകളിൽ പെടുന്നുവെന്നതിനാലും, കുഴികളുടെ വീതി 0.6 മീറ്ററായി പരിമിതപ്പെടുത്തണമെന്ന് റിലയൻസ് ഇൻഫോകോം ലിമിറ്റഡ് ആവശ്യപ്പെട്ടിരുന്നത് കണക്കിലെടുത്തുമാണ് തുക കണക്കാക്കിയത് എന്ന് അസി.എൻജിനീയർ വാക്കാൽ മറുപടി തന്നിട്ടുണ്ട്. എന്നാൽ റിലയൻസ് ഇൻഫോകോം ലിമിറ്റഡിന്റെ ഈ ആവശ്യം സംബന്ധിച്ച് ഫയലിൽ രേഖകളില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-14 വാഹനങ്ങളുടെ ലോഗ് ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നില്ല

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റേയും ( KL-7 CQ-0298 -Mahindra TUV 300 PLUS), ബഡ്സ് സ്കൂൾ വാഹനത്തിന്റേയും (KL-41 D 191) ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനങ്ങളുടെ പ്രതിമാസ ഇന്ധന ഉപഭോഗ സംഗ്രഹവും ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഇന്ധനം നിറക്കുന്ന വിവരം മാത്രമാണ് അതാതു തീയതികളിൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നത്. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതാണെന്ന് ജി.ഒ.(എം.എസ്) 170/07/ ത.സ്വ.ഭ.വ തീയതി 30.06.2007നം ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. വാഹനത്തിന്റെ ഇന്ധന ക്ഷമതയെക്കുറിച്ച് രേഖയില്ലാത്തതിനാൽ ഇന്ധന ഉപഭോഗത്തിന്റെ ആധികാര്യകത പരിശോധിക്കാനാകുന്നില്ല. പഞ്ചായത്ത് ഔദ്യോഗിക വാഹനത്തിൽ 18/12/2018 ൽ നിറച്ച 50 ലി., 27.12.2018 ൽ നിറച്ച 49ലി. ഇന്ധനത്തിന്റെ വിവരം ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. പ്രതിമാസ ഇന്ധന ഉപഭോഗ സംഗ്രഹം തയ്യാറാക്കാത്തതിനാൽ ആ മാസം ആകെ എത്ര അളവിൽ ഇന്ധനം നിറച്ചുവെന്നോ, വാഹനത്തിന്റെ മൈലേജുമായി പൊരുത്തപ്പെടുന്നുണ്ടെന്നോ ഉറപ്പിക്കാനാവുന്നില്ല. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹന പരിപാലനവുമായി ബന്ധപ്പെട്ട മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-15 ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0101/19-20, എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | വികസന ഫണ്ട് - 400000 |
| ചെലവ് | ബിൽ നം.14/19-20/ 20.09.2019- 400000 |

എ.ബി.സി. പ്രോഗ്രാം നടത്തിപ്പിനായി കുടുംബശ്രീ ജില്ലാ മിഷന് 400000 രൂപ നൽകി. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. ഉണ്ടെങ്കിൽ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ധന വിനിയോഗ സാക്ഷ്യപത്രം കുടുംബശ്രീ ജില്ലാ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

## 1-16 ഫണ്ട് സൂക്ഷിക്കുവാൻ ഒന്നിലധികം അക്കൗണ്ടുകൾ-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാൽകൃത ബാങ്കായ എസ്.ബി.ഐ. ലും, തായിക്കാട്ടുകര സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിച്ചിരുന്നത്. 2019-20 വർഷത്തിൽ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിലും ഒരു അക്കൗണ്ട് തുടങ്ങിയിരിക്കുന്നു ( 09.05.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 17(1) നമ്പർ തീരുമാനം). എസ്.ബി.ഐ. ചെക്ക് നം 474124/19.06.2019 പ്രകാരം 48,00,000/-രൂപ പിൻവലിച്ച് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടുമുണ്ട്. സർക്കുലറിന് വിരുദ്ധമായി വിവിധ അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അംഗൻ വാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

ഗ്രാമപഞ്ചായത്തിൽ 32 അംഗൻവാടികളാണുള്ളത്. അതിൽ 26 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിലും, 6 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. എല്ലാ അംഗൻവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. അംഗൻവാടികളുടെ വാടക വിഹിതം നൽകുന്നതിന് തൻവർഷം 64,664/-രൂപ പദ്ധതി രൂപീകരിച്ച് ചെലവഴിച്ചിട്ടുണ്ട്(പ്രോ നം 24/19-20). അംഗൻവാടികൾക്ക് ഭൗതിക സാഹചര്യമൊരുക്കൽ(പ്രോ നം 27/19-20)., അംഗൻവാടിയിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ (പ്രോ നം 28/19-20). തുടങ്ങിയ പദ്ധതികൾ രൂപീകരിച്ചിരുന്നെങ്കിലും തുക ചെലവഴിച്ചിട്ടില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തം കെട്ടിടമുണ്ടാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും, സുരക്ഷ, ശുചിത്വം എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവർ വേണ്ടത്ര ശ്രദ്ധപതിപ്പിക്കേണ്ടതുമാണ്.

## 1-18 കരാറുകാരൻ ടെണ്ടർ നിബന്ധനകൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0142/19-20, മാലിന്യ സംസ്കരണം |
| അടങ്കൽ | തനത് ഫണ്ട്- 400000 |
| ചെലവ് | ചെക്ക് നം. 22404/24.07.19 - 83182<br>ചെക്ക് നം.113270/17.05.19 - 316818<br>----------------------------<br>400000 |

ദേശീയ പാതയോട് ചേർന്ന കിടക്കുന്ന പഞ്ചായത്തിന്റെ വാർഡുകളിൽ മാലിന്യം നീക്കം ചെയ്യുന്നതിന് കരാറുകാരനായ സി.എം. അനീറിന് തുക നൽകി. എന്നാൽ താഴെപ്പറയുന്ന ടെണ്ടർ നിബന്ധനകൾ പാലിച്ചിട്ടില്ല.

ടെണ്ടറിലെ നിബന്ധനകൾ പ്രകാരം

1. കരാർ ലഭിക്കുന്നയാൾ 20000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കി കരാറിലേർപ്പെടേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കിയിട്ടില്ല

2.മാലിന്യം എവിടേക്കാണ് നീക്കേണ്ടതെന്നും ഏത് രീതിയിലാണ് സംസ്കരിക്കുന്നതെന്നും ടെണ്ടറിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ ഇത് ടെണ്ടറിൽ വ്യക്തമാക്കിയിട്ടില്ല.

3.ടെണ്ടർ സമർപ്പിക്കുന്നവർക്ക് എല്ലാ വിധ മാലിന്യങ്ങളും നീക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷന്റെ അംഗീകാരം ഉണ്ടായിരിക്കണം. എന്നാൽ ഇത് സംബന്ധിച്ച സാക്ഷ്യപത്രം കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

4. മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കണം. മെമ്പറുടെ സാക്ഷ്യപത്രം മാത്രമാണുള്ളത്. മാലിന്യത്തിന്റെ അളവ് പരിശോധിക്കുന്നതിന് പഞ്ചായത്ത് ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടില്ല.

5 കരാറുകാരൻ പഞ്ചായത്തുമായി കരാറിലേർപ്പെട്ടതിന്റെ രേഖകളില്ല. ടെണ്ടറിനൊപ്പം പ്രാഥമിക ഉടമ്പടിയ്ക്കായി നൽകിയ 500 രൂപ മുദ്രപ്പത്രം മാത്രമാണുള്ളത്. ഇതിൽ ഉടമ്പടികൾ എഴുതി ചേർത്തിട്ടില്ല.

പഞ്ചായത്ത് തന്നെ ഉണ്ടാക്കിയ നിബന്ധനകൾ കരാറുകാരന് പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാന് പഞ്ചായത്ത് ശുഷ്കാന്തി കാണിച്ചിട്ടില്ല. സംസ്ഥാന ശുചിത്വ മിഷന്റെ അംഗീകാരം കരാറുകാരനില്ലായെങ്കിൽ വിഷയം വളരെ ഗൌരവമുള്ളതാണ്. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-19 ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷ പരിശോധിച്ചപ്പോൾ അപേക്ഷയിലെ ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം എന്ന കോളത്തിൽ ജീവനക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ട്. എന്നാൽ ഇവർക്ക് ബാധകമായ തൊഴിൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര്, മേൽവിലാസം | സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആകെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ജെ. മോൻസിംഗ്, സെയിന്റ് ലൂക്ക് മെഡിക്കൽ ഡിവൈസസ് 17/631 എ. തായിക്കാട്ടുകര, ഫോൾഡർ നം.1 | 8 |
| 2 | ഡോ. കെ.എച്ച് അബ്ദുൾ നാസർ, കാരോത്തുകുഴി ആയുർവേദ ഫാർമസി, ചൂർണ്ണിക്കര | 6 |
| 3 | ഫിലിപ്പ് ജോർജ്, ഗ്ലോബൽ ടയേഴ്സ്, 3/646 എ.ബി.സി ഫോൾഡർ നം.4 | 11 |
| 45 | ജിതിൻ സി. എസ്., ചേലക്കാട് ഹൗസ് 12/363 ബി, ഡലിവറി പ്രൈ ലി ഫോൾഡർ നം.2 | 07 |
| 5 | പി.കെ ജലീൽ,പോക്കാക്കുളത്ത്, 14/588 ബെസ്റ്റ് ട്രഡിംഗ് കോ ഫോൾഡർ നം.2 | 06 |
| 6 | ശ്രീധരൻ എസ്. മേനോൻ, 15/എ ജവഹർനഗർ മുട്ടം, ശ്രീ ട്രാൻസ് വെയ്സ് ഫോൾഡർ നം.2 | 07 |
| 7 | ജെയ്സൺ വി.റ്റി. വാടയ്ക്കൽ ഹൗസ്, തായ്ക്കാട്ടുകര, ജാദു മാട്രിമണി ഫോൾഡർ നം.2 | 08 |

| | | |
|---|---|---|
| 8 | അരുൺ ഗോപകുമാർ, മല്ലശ്ശേരിൽ വടശ്ശേരിക്കര,പത്തനംതിട്ട, SSQUAD ഫോൾഡർ നം.2 | 04 |
| 9 | പി.കെ പ്രകാശൻ, പുറത്തുംമുറി, തായിക്കാട്ടുകര, റോയൽ ഓട്ടോ വർക്സ് ഫോൾഡർ നം.2 | 06 |
| 10 | ഷെറീനാ ഷാജഹാൻ, മീത്രക്കൽ,ടോപ്പ് ടെൻ പേമെൻ്റ്സ്, 10/89എ ഫോൾഡർ നം.3 | 04 |
| 11 | അബ്ദുൾ റഫീക്ക് എം.പി, മണക്കാട്ട് ഹൗസ്, ആലുവ, മന ഫൈബർ ഗ്ലാസ്സ്, 10/84എ ഫോൾഡർ നം.3 | 05 |
| 12 | കെ.എച്ച്. മുഹമ്മദ് അസ്ലം, കുളത്തിങ്കൽ ഹൗസ്, തായ്ക്കാട്ടുകര, എ.കെ. പ്ലാസ്റ്റിക്സ് ഫോൾഡർ നം.3 | 05 |
| 13 | മുഹമ്മദ് അസ്ലം,08/434, അശോകപുരം | 12 |
| 14 | ബിജു, ഇലഞ്ഞിക്കൽ, 15/449, ലെൻവിക്കാ കമ്പ്യൂട്ടർ സെല്യൂഷൻ ഫോൾഡർ നം.4 | 08 |
| 15 | ഫിലിപ്പ് ജോർജ്ജ്, ഗ്ലോബൽ ടയേഴ്സ്, പാലാരിവട്ടം, 3/646 എ, ബി,സി ഫോൾഡർ നം.4 | 11 |
| 16 | മുഹമ്മദ് ഇസ്മയിൽ, മേപ്പുറത്ത് ഹൗസ് 1/19എ , മേപോർട്ട് ഹെറിടീറ്റ് ഫോൾഡർ നം.4 | 05 |
| 17 | നൗഷാദ് റ്റി.വി, 15/426 എ, ഡി.ഡി. ഗ്ലോബൽ വില്ലേജ് ഫോൾഡർ നം.4 | 05 |

ഈ ജീവനക്കാർക്ക് ബാധകമായ തൊഴിൽ നികുതി നിർണ്ണയിച്ച് ഡിമാൻ്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-20 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.</u>

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിൻ്റെ പേര് |
|---|---|
| 1 | എഫ്.എസ്.എച്ച് ഡിസൈൻ |
| 2 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 3 | റിലയൻസ് ഡിജിറ്റൽ പ്ലാറ്റ് ഫോം & പേമെൻ്റ് സർവിസസ് |
| 4 | ഫൈൻ ടെക് കോർപ്പറേഷൻ പ്രൈ.ലിമിറ്റഡ് |
| 5 | നാരായണാ ഗ്യാസ് ഏജൻസി |
| 6 | ദിവ്യ ഗ്യാസ് എജൻസി |
| 7 | പോപ്പുലർ പ്ലാസ്റ്റിക്സ് |
| 8 | സ്കൈ ടെലികോം , അമ്പാട്ടുകാവ് |
| 09 | ഗ്ലോബ് ടെക് എൻ്റർപ്രൈസസ് |
| 10 | ശ്രീ വിനായകാ പ്രിൻ്റ് പാക്ക് |
| 11 | പാൻ്റോസ് ലോജിസ്റ്റിക്സ് സൊല്യൂഷൻ |

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## <u>1-21 ഹരിത കർമ്മ സേന പിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടാനാകുന്നില്ല</u>

ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യം വ്യക്തികളുടെ പക്കൽ നിന്നും ശേഖരിക്കുന്നതിലേയ്ക്കായി യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേന 50/100 രൂപ പ്രകാരം കൈപ്പറ്റുന്നുണ്ട്. ഇങ്ങനെ സ്വീകരിക്കുന്ന തുക ഹരിതകർമ്മ സേനയുടേയും മറ്റ് മൂന്ന് അംഗങ്ങളുടേയും പേരിൽ തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുകയും ഇതിൽ നിന്നും തുക പിൻവലിച്ച് വേതനം നൽകുകയും ചെയ്തു വരുന്നു. യൂസർഫീ ഇനത്തിൽ ഓരോ വാർഡിൽ നിന്നും പിരിക്കുന്ന തുകയ്ക്ക് കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കാതെ മൊത്തമായി തുക പഞ്ചായത്തിൽ എല്പിച്ച് ഹരിതകർമ്മ സേനയുടേയും മറ്റ് മൂന്ന് അംഗങ്ങളുടേയും പേരിൽ തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടിൽ ഒടുക്കുകയാണ് പതിവ്. 100

രൂപയ്ക്കും 50 രൂപയ്ക്കും ഒരു രസീതു തന്നെ നൽകുന്നതിനാൽ എത്ര തുകയാണ് പിരിച്ചതെന്ന് കൃത്യമായി കളക്ഷൻ രജിസ്റ്ററിൽ എഴുതി ഓരോ ദിവസത്തേയും കളക്ഷൻ തുക ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തി അതാതു ദിവസം തന്നെ തുക ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

01-12-19 മുതൽ യൂസർഫീ പിരിക്കുന്നതായാണ് 1/1 നമ്പർ രസീതിൽ നിന്നും വ്യക്തമാകുന്നത്. എങ്കിലും 20-01-20 മുതൽക്കാണ് ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ച് തുടങ്ങിയിട്ടുള്ളത്. തുടർന്ന് പിരിക്കുന്ന തുക അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപ്പിക്കുന്നതിന് അനുസരിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും പിരിവിന്റെ കൃത്യത ബോധ്യപ്പെടാനാകുന്നില്ല.

ഉദാ: എ) 11-ാം വാർഡിലെ ഹരിതകർമ്മ സേനാംഗം പിരിച്ച 10-ാം നമ്പർ ബുക്കിലെ 901മുതൽ 1000 രസീതുകൾ പ്രകാരമുള്ള കളക്ഷൻ തുക 3450/- എന്നാണ് അസിസ്റ്റന്റ് സെക്രട്ടറി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ കാണിച്ചിരിക്കുന്നത്. ഒരു രസീത് 50/100 രൂപയുടേതായതിനാൽ മേൽപ്പറഞ്ഞ 100രസീതുകൾ പ്രകാരം വരാവുന്ന കുറഞ്ഞ തുക 5000/- ആണ്.

ബി)അസിസ്റ്റന്റ് സെക്രട്ടറി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം 13-03-20 ൽ 4000/-രൂപ വരവുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും ഒടുക്കിയിരിക്കുന്നത് 16-03-20ലെ കളക്ഷനോടൊപ്പമാണ്. എന്നാൽ ബാങ്ക് അക്കൌണ്ട് പരിശോധിച്ചതിൽ13-03-20 ൽ 8200/-രൂപ വരവുള്ളതായി കാണുന്നു.

മേൽപ്പറഞ്ഞതിൽ നിന്നും പിരിവിന്റെ കൃത്യത ബോധ്യപ്പെടാനാകുന്നില്ല. ആയതിനാൽ കളക്ഷൻ രജിസ്റ്റർ കൃത്യമായിഎഴുതി ഓരോ ദിവസത്തേയും കളക്ഷൻ തുക ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തി അതാതു ദിവസം തന്നെ തുക ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.കൂടാതെ ടി ബാങ്ക് അക്കൌണ്ടിൽ നിന്നും തുക പിൻവലിക്കുന്നതും ഇതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.പി.സി.എൽ പമ്പ് (വർഗീസ് മാത്യു. ചൂർണ്ണിക്കര) |
| 2 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് (ആദ്യ പകുതി) |
| 3 | റിലയൻസ് ഡിജിറ്റൽ പ്ലാറ്റ് ഫോം & പേമെന്റ് സർവിസസ് (ആദ്യ പകുതി) |
| 4 | ഫൈൻ ടെക് കോർപ്പറേഷൻ പ്രൈ.ലിമിറ്റഡ് (ആദ്യ പകുതി) |
| 5 | നാരായണാ ഗ്യാസ് ഏജൻസി |
| 6 | ദിവ്യ ഗ്യാസ് എജൻസി |
| 7 | മുത്തൂറ്റ് ഫൈനാൻസ് |
| 8 | ടാട്വാ ഫിൻ കോർപ്പറേഷൻ ലിമിറ്റഡ് |
| 09 | ആലുവ ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് സർവീസസ് |
| 10 | സ്കൈ ടെലികോം , അമ്പാട്ടുകാവ് |
| 11 | ഗ്ലോബ് ടെക് എന്റർപ്രൈസസ് |
| 12 | ശ്രീ വിനായകാ പ്രിന്റ് പാക്ക് |
| 13 | പാന്റോസ് ലോജിസ്റ്റിക്സ് സൊല്യൂഷൻ, (രണ്ടാം പകുതി) |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 ചെലവുകൾ തെറ്റായ അക്കൗണ്ട് ഹെഡുകളിൽ ബുക്ക് ചെയ്തു

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 152/2011 തീയതി 26.07.2011 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി അക്കൗണ്ട് ഹെഡുകൾ, അക്കൗണ്ടിംഗ് നയങ്ങൾ, തത്വങ്ങൾ എന്നിവ നിർണ്ണയിച്ചിട്ടുണ്ട്. സ്ഥാപനം ഓരോ ഇടപാട് അക്കൗണ്ട് ചെയ്യുമ്പോഴും ആ ഇടപാടിന്റെ സ്വഭാവവുമായി യോജിച്ച ശരിയ അക്കൗണ്ട് ഹെഡിൽ ബുക്ക് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. തൻവർഷത്തെ തനതു ഫണ്ട് വൗച്ചർ പരിശോധനയിൽ തെറ്റായ അക്കൗണ്ട് ഹെഡിൽ ബുക്ക് ചെയ്തിട്ടുള്ള ഏതാനും ചെലവിനങ്ങൾ താഴെ ചേർക്കുന്നു .

| വൗച്ചർ നം, | തുക | ചെലവിനം | ബുക്ക് ചെയ്തു | ബുക്ക് |
|---|---|---|---|---|

| തീയതി | | | അക്കൗണ്ട്ഹെഡ് | ചെയ്യേണ്ടിയിരുന്ന അക്കൗണ്ട് ഹെഡ് |
|---|---|---|---|---|
| 21900683/ 07.09.2019 | 12772 | പ്രിന്റിംഗ് ചാർജ്ജസ് | 350100401- Professionals Control Account | 220210101-Printing Charges |
| 21900759/ 07.09.2019 | 42750 | ലീഗൽ എക്സ്പെൻസസ് | 350100401- Professionals Control Account | 220510102-Legal Expenses Other Than For Recoveries |
| 21901071/ 05.12.19 | 13500 | ലീഗൽ എക്സ്പെൻസസ് | 350100401- Professionals Control Account | 220510102-Legal Expenses Other Than For Recoveriesl |
| 21901091/ 10.12.19 | 24325 | ലീവ് സറണ്ടർ- അസിസ്റ്റന്റ് സെക്രട്ടറി | 210200299-Other Benefits & Allowances | 210100102- Salaries- Permanent Staff |
| 21901157/ 23.12.19 | 40500 | ലീഗൽ എക്സ്പെൻസസ് | 350100401- Professionals Control Account | 220510102-Legal Expenses Other Than For Recoveries |

ഇത് ഓരോ ഇനത്തിലുമുള്ള വരവ് ചെലവുകളുടെ കൃത്യമായ കണക്ക് ലഭിക്കുന്നതിന് തടസ്സമാകുന്നു. ഉദാഹരണത്തിന് പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ തൻവർഷം ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷികകണക്കിലെ 220210101-Printing Chargesഎന്ന അക്കൗണ്ട് ഹെഡിൽ 75,738/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ അക്കൗണ്ട്സ് തയ്യാറാക്കുന്നതിനുമുമ്പ് ജേണൽ മുഖേന ഇവ തിരുത്തിയിട്ടുമില്ല. എല്ലാ ഇടപാടുകളും ശരിയായ അക്കൗണ്ട് ഹെഡുകളിൽ ബുക്ക് ചെയ്യുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S 46/19-20, തെരുവ് വിളക്ക് (എ.എം.സി) |
| അടങ്കൽ | 10,00,000 |
| ചെലവ് | ചെക്ക് നമ്പർ 22408/01.08.19- 113830<br>22520/10.12.19-146300<br>026885/29.01.20-76304<br>026884/25.01.2020- 81510<br>026911/24.02.20- 12160<br>112722/31.03.20-33500<br>--------------------<br>463604 |

താഹിറാ സമീർ എന്നയാൾക്ക് മെറ്റീരിയൽ & ലേബർ ചാർജായി ട്യൂബ് സെറ്റൊന്നിന് 420 രൂപായും എൽ.ഇ.ഡി. ബൾബൊന്നിന് 320 രൂപാവീതവും തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി നൽകാമെന്നതാണ് കരാർ. 27.07.2019 മുതൽ 26.07.2020 വരെയാണ് കരാർ കാലയളവ്. കരാറുകാരന് 4,63,604രൂപ നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച രജിസ്റ്ററിൽ ഇക്കാലയളവിൽ പരാതികളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പഞ്ചായത്തിൽ ഔദ്യോഗികമായി പരാതികൾ ലഭിക്കാതെ വിളക്കുകളുടെ അറ്റകുറ്റ പണി നടത്തിയ നടപടി ക്രമ പ്രകാരമല്ല. പരാതികൾ പരാതി രജിസ്റ്ററിൽ ചേർത്ത്, അവ പരിഹരിച്ച്, പരാതി പരിഹരിച്ച തീയതിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് പണം നല്കാനാകുകയുള്ളൂ.

പഞ്ചായത്തിലെ തെരവ് വിളക്കുകളുടെ വിവരം ഇനം, വാർഡ് എന്നിവ പ്രകാരം തരം തിരിച്ച് തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും രജിസ്റ്റർ കാലികമായി ഇപ്രകാരം സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ രജിസ്റ്ററും പരാതി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S047/2019-20, സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ്- 650000 |
| ചെലവ് | 13,907- ബിൽ നം.19/2019-20/ 06.112019 |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി 2017-18 വർഷം 4,30,000/- രൂപ നൽകിയിരുന്നു. അതിൽ 296192/- രൂപയുടെ വർക്കാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള 133808/- രൂപ ഉപയോഗിച്ച് 2018-19 ലെ വർക്കുകൾ നടത്തണമെന്ന പഞ്ചായത്തിന്റെ അഭ്യർത്ഥനയെത്തുടർന്ന് കെ.എസ്.ഇ.ബി. 147715/- രൂപയുടെ എസ്റ്റിമേറ്റ് നൽകി. ഇതിൽ ബാക്കി നൽകാനുള്ള 13907/- രൂപയാണ് പ്രോജക്ട് വഴി നൽകിയിട്ടുള്ളത്. ആകെ നൽകിയ 443907/- രൂപയുടെ (430000+13907) വർക്ക് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. ഉണ്ടെങ്കിൽ ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യോട് ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി തന്നിട്ടുണ്ട്.

## 1-26 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0191/20, പട്ടേരിപ്പുറം ബംഗ്ലാപറമ്പ് റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം. |
| അടങ്കൽ | തനത് ഫണ്ട്- 254000 |
| ചെലവ് | ചെക്ക് നം.718120/ 13.12.2019- 254000, സെക്രട്ടറി |

പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയോട് ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി തന്നിട്ടുണ്ട്.

## 1-27 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പരിശോധന

2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിന് 23.07.2020 ൽ പുറപ്പെടുവിച്ച പുനരഭിപ്രായക്കുറിപ്പുകൾ പ്രകാരം തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളാണ് 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചത്. താഴെ പറയുന്ന ഖണ്ഡികകളിലെ നഷ്ടത്തുക ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 2-2 | 150 | ഈറ്റ് ട്രീറ്റ് റസ്റ്റോറന്റ് | 119030107346/17.02.2020 |
| 2018-19 | 2-2 | 1350 | പോത്തൻ വെഹിക്കിൾസ് & സർവീസസ് പ്രൈ ലി. | 19030107183/12.02.2020 |
| 2018-19 | 2-3 | 5,25,953 | റിലയൻസ് ജിയോ ഇൻഫോകോം. ലി. | 19030400016/07.02.2020 |

ഖണ്ഡിക 2-3 ലെ നഷ്ടത്തുക 5,26,583/-രൂപയാണെങ്കിലും 5,25,953/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ പുതുക്കിയ എസ്റ്റിമേറ്റിലും 5,26,583/-രൂപ അടവാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ബാലൻസ് തുകയായ 630/-രൂപ ഈടാക്കുന്ന മുറക്ക് പരാമർശം ഒഴിവാക്കാവുന്നതാണ്.

2) ലൈസൻസ് അപേക്ഷകൾ നിലവിൽ തൃപ്തികരമായി സൂക്ഷിക്കുന്നുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

3) ണ്ഡിക 3-2 ലെ ചെലവുരേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ പറഞ്ഞെങ്കിലും, രേഖകൾ ഹാജരാക്കിയില്ല. പരാമർശം തുടരാവുന്നതാണ്.

4) ഖണ്ഡിക 3-7 ക്രമ നം 2 ന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയത് പരിശോധിച്ചു. ഇനം 4 ന്റെ വിനിയോഗസാക്ഷ്യപത്രം കൂടി ലഭ്യമാക്കിയാൽ പരാമർശം തീർപ്പാക്കാവുന്നതാണ്.

5)3-5 മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. പരാമർശം തുടരാവുന്നതാണ്.

## 1-28 ഓഡിറ്റ് ഇപാക്ട് -ഹരിത സഹായിക്ക് വേതനം നൽകൽ- അർഹമായ തുക മാത്രം നൽകി

പ്രോജക്ട് നം S0197/20

ഗ്രാമപഞ്ചായത്തിന്റെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി രാജഗിരി ഔട്ട് റീച്ചിനെ ഹരിത സഹായ സ്ഥാപനം എന്ന നിലയിൽ അംഗീകരിച്ചിട്ടുണ്ട്. 01-03-19 ലെ സർക്കാർ ഉത്തരവ് (സാ./ ധ) നം 471/2019തസ്വഭവ പ്രകാരം ഹരിത സഹായ സ്ഥാപനത്തിന് പ്രതിമാസം നൽകേണ്ട തുക 25200/- രൂപയാണ്. ഇതനുസരിച്ച് 7/2019 മാസത്തെ വിഹിതമായി 21901648/20-03-2020 നമ്പർ ചെക്ക് പ്രകാരം 25200/-

രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാർ വെച്ചിരിക്കുന്നത് 08-07-19ലാണ്. അതിനാൽ ടി സ്ഥാപനത്തിന് 7/2019 മാസത്തെ വിഹിതമായി നൽകാവുന്ന തുക 19510/- [(25200/31)X24] ആണ്.

ഇത് സംബന്ധിച്ച് 25-03-21 ൽ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ചെക്ക് സ്ഥാപനം കൈപ്പറ്റാതിരുന്നതിനാൽ ചെക്ക് റദ്ദുചെയ്യുകയും തുക രസീത് ചെയ്ത് 033184/ 27-03-21 നമ്പർ ചെക്ക് പ്രകാരം19150/- രൂപ മാത്രം ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-29 ഓഡിറ്റ് ഇംപാക്ട് - അധികം നൽകിയ തുക തിരിച്ചടച്ചു

എടമുള മുട്ടം റോഡ് കട്ട വിരിക്കൽ പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയ തുക 25-03-21 ലെ 14-ാം നമ്പർ എൻക്വറിയെ തുടർന്ന് 120030106874/26-03-21 നമ്പർ രസീത് പ്രകാരം 1092/- രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-30 നല്കേണ്ടതില്ലാത്ത ജി.എസ്.ടി നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | S0147/19-20 SO, വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം<br>S48/19-20- വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്- 500000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് - 684000<br>തനത് ഫണ്ട്- 6400<br>-------------------------------------------------<br>11,90,400 |
| ചെലവ് | ബിൽ നം.04/19.20/ 13.06.19- 684000<br>ബിൽ നം. 15/19-20/ 20.09.2019- 24100<br>---------------------------------------------------<br>708100 |

കേരള വാട്ടർ അതോറിറ്റി നൽകിയ 717700 രൂപയുടെ എസ്റ്റിമേറ്റിൽ 70,499 രൂപ ജി.എസ്.റ്റി. യാണ്.

ഗവണ്മെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.No.5 Chapter 99 പ്രകാരം ( Services By A Government(Central Government, State Government , Union Territory, Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution- Tax Rate -Nil) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനു ഗവണ്മെന്റുകളോ, ഗവണ്മെന്റ് ഏജൻസികളോ നല്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. എന്നാൽ കേരള വാട്ടർ അതോറിയ്ക്ക് 70499 രൂപ ജി.എസ്.ടി. നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് തുക പൂർണ്ണമായി ഒടുക്കിയതായി കാണുന്നില്ല. ബാക്കിയുള്ള 9600 രൂപ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ചെലവ് വിവരം അറിയിക്കേണ്ടതാണ്.

## 1-31 ജി.എസ്.ടി നൽകേണ്ടതില്ലായെങ്കിലും കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനൊപ്പമുള്ള ജി.എസ്.ടി നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | S0193/20 നാപ്പാടി പറമ്പ് എസ്.സി കോളനിയിൽ കടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം. |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 100000 |
| ചെലവ് | ബിൽ നം.21/19-20/ 21.12.2019- 97000, സെക്രട്ടറി |

കേരള വാട്ടർ അതോറിറ്റിയുടെ 97000 രൂപയുടെ എസ്റ്റിമേറ്റിൽ 9444 രൂപ ജി.എസ്.ടി. യാണ്. ഗവണ്മെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.No.5 Chapter 99 പ്രകാരം ( Services By A Government(Central Government, State Government, Union Territory, Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution- Tax Rate -Nil) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് മറ്റ് ഗവണ്മെന്റുകൾക്കോ ഗവ. ഏജൻസികൾക്കോ ജി.എസ്.ടി നൽകേണ്ടതില്ല. എന്നാൽ കേരള വാട്ടർ അതോറിയ്ക്ക് 9444 രൂപ ജി.എസ്.ടി. നൽകിയിട്ടുണ്ട്. തുക തിരികെ ലഭിക്കാൻ കേരള വാട്ടർ അതോറിറ്റിയെ സമീപിക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

## 1-32 വാഹന ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| വൗച്ചർ നം, തീയതി | തുക | വാഹനം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 21900928/02-11-2019 | 16,446 | ഔദ്യോഗിക വാഹനം (KL-7 CQ-0298) | പോത്തൻ ഓട്ടോസ് പ്രൈ ലി. |
| 21900163/17.05..2019 | 7,761 | പഞ്ചായത്ത് വക ആംബുലൻസ് | യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് |

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റേയും (KL-7 CQ-0298), പഞ്ചായത്ത് വക ആംബുലൻസിന്റേയും ഇൻഷ്വറൻസ് പുതുക്കുന്നതിനായി മേൽ വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധിച്ച സർക്കാർ ഉത്തരവ് നം.(പി) 819/2000/ഫിൻ, തീയതി.18-4-2000 പ്രകാരം സർക്കാരിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടാകേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് പുതുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവ് | മരണപ്പെട്ടതിനു ശേഷം വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ശ്രീ.ഡാൻസൻ.ടി.വി, കടിലിങ്കൽ ഹൗസ്, എസ്.എൻ.പുരം | വാർദ്ധക്യ കാല പെൻഷൻ | 106520200426 | 07.01.20 | 15.05.20 | 12/2019 മുതൽ 04/20 വരെ | 7500 |
| 2 | ശ്രീ. ലാസർ.ഇ.ടി, ഇടക്കളത്തൂർ വീട്, പട്ടേരിപ്പുറം, ആലുവ | വാർദ്ധക്യ കാല പെൻഷൻ | 106520200426 | 30.01.20 | 19.05.20 | 12/2019 മുതൽ 04/20 വരെ | 6100 |
| 3 | ശ്രീ.ദേവസി, പുളിക്കൽ വീട്,, അശോകപുരം | വാർദ്ധക്യ കാല പെൻഷൻ | 106520200386 | 01.10.19 | 30.12.19 | - | - |
| 4 | ശ്രീ.പ്രഭാകരൻ നായർ, പിറ്റായിക്കുടത്ത്, തായിക്കാട്ടുകര | വാർദ്ധക്യ കാല പെൻഷൻ | 106520200257 | 20.07.19 | 30.12.19 | - | - |
| 5 | ശ്രീ.ആന്റണി.വി.എ, വാടയ്ക്കൽ വീട്, തായിക്കാട്ടുകര | വാർദ്ധക്യ കാല പെൻഷൻ | 106520200176 | 22.10.19 | 30.12.19 | - | - |
| 6 | ശ്രീ.അലി.ടി, തച്ചവള്ളത്ത് വീട്, തായിക്കാട്ടുകര | വാർദ്ധക്യ കാല പെൻഷൻ | 106520201174 | 20.10.19 | 21.11.19 | - | - |
| 7 | ശ്രീമതി.മറിയുമ്മ അബ്ദുൾകരീം, കഴിയിലകത്തുട്ട്, തായിക്കാട്ടുകര | വിധവ പെൻഷൻ | 106520600938 | 18.10.19 | 27.12.19 | - | - |
| 8 | ശ്രീമതി.ത്രേസ്യാമ്മ ചാക്കുണ്ണി, പാറക്കൽ വീട്, പട്ടേരിപിപുറം | വിധവ പെൻഷൻ | 106520600899 | 07.11.19 | 05.12.19 | - | - |
| 9 | ശ്രീ.ജോർജ്ജ് എം.ജെ, മനയത്ത് ഹൗസ്, പള്ളിക്കുന്ന്, ആലുവ | വാർദ്ധക്യ കാല പെൻഷൻ | 106520201580 | 17.10.19 | 10.12.19 | - | - |

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ഏതാനും പെൻഷണർമാരുടെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം

ചെയ്തിട്ടുണ്ടാകാം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19.10.2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. മരണ വിവരം യഥാസമയം അറിയാത്തതിനാൽ പെൻഷൻ സസ്പെൻഡ് ചെയ്യാൻ വൈകുന്നു. മേൽ പട്ടികയിലെ ക്രമ നം 3 മുതൽ 9 വരെയുള്ളവർ മരിച്ച് വളരെ വൈകിയാണ് പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതെന്ന് കാണാം. എങ്കിലും ഇവർ മസ്റ്ററിംഗ് നടത്താതിരുന്നതുമൂലം പെൻഷൻ വിതരണം തടഞ്ഞു വച്ചതിനാൽ മരണശേഷമുള്ള കാലയളവിൽ പെൻഷൻ അനുവദിക്കപ്പെട്ടില്ല.

സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം നിലനിൽക്കുന്നു. മേൽ ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുകയായ 13,600/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-34 പട്ടികജാതി വിഭാഗക്കാർക്കുള്ള ശ്മശാനം ഫീസ് റീഫണ്ട്

പഞ്ചായത്തു വക ശ്മശാനത്തിൽ സംസ്കരിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് അവർ അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ശ്മശാനം ഫീസിനത്തിൽ അടവാക്കിയ 3500/- രൂപയിൽ 1000/- രൂപ കുറവ് ചെയ്ത് 2500/-രൂപ റിഫണ്ട് നൽകി വരുന്നുണ്ട്. എന്നാൽ ഫീസിനത്തിൽ അടവാക്കുന്ന മുഴുവൻ തുകയും ശ്മശാനം സൂക്ഷിപ്പുകാരനാണ് കൈപ്പറ്റുന്നത്. പഞ്ചായത്തിൽ തുകയൊന്നും അടവാക്കുന്നില്ല. ശ്മശാനത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവും, വൈദ്യുത ചാർജ്ജും പഞ്ചായത്താണ് വഹിക്കുന്നത്. ശ്മശാനം നടത്തിപ്പുകാരന് വേതനമിനത്തിൽ തുകയൊന്നും പഞ്ചായത്തിൽ നിന്നും നൽകിക്കാണുന്നില്ല. എന്നിരുന്നാലും പഞ്ചായത്തിന് വരുമാനമൊന്നും ലഭിക്കാതെ ശ്മശാനം ഫീസ് റീഫണ്ട് നൽകുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. 2019-20 വർഷം താഴെ പറയും പ്രകാരം ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം, തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|
| 21900156/14.05.2019 | 2500 | ശോഭ ദാസ് |
| 21900587/16.08.2019 | 2500 | ശ്യാമിൽ .എൻ.എ |
| 21900587/16.08.2019 | 2500 | റെജി.പി.സി |
| 21900759/25.09.2019 | 2500 | സുലത അയ്യപ്പൻ |
| 21901158/26.12.19 | 2500 | ഭാസ്കരൻ എൻ.പി |
| 21901459/19.02.20 | 2500 | ശിവൻ പി.കെ |
| ആകെ | 15,000 | |

10.10.2013 ലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബൈലോയിലെ വ്യവസ്ഥകൾ പ്രകാരമാണ് പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് ശ്മശാനം ഫീസ് റീഫണ്ട് നൽകുന്നതെന്നാണ് ഇതു സംബന്ധിച്ച് നൽകിയ വിശദീകരണം. എന്നാൽ പ്രസ്തുത ബൈലോ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രകാരമുള്ള ചെലവിന്റെ സാധുത പരിശോധിക്കാനായില്ല. ബൈലോയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## 2-1 റെസ്റ്റോറേഷൻ ചാർജ് തെറ്റായി കണക്കാക്കിയതു മൂലം നഷ്ടം

14.02.2020 ലെ സി4-3133/19 നമ്പർ അനുമതി പ്രകാരം റിലയൻസ് ഇൻഫോകോം ലിമിറ്റഡ്, മാമംഗലം, കൊച്ചി എന്ന സ്ഥാപനത്തിന് 22 റോഡുകളിൽ 329 ജി.ഐ. പോൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ 02.04.2020 ലെ 119030400019 നമ്പർ രസീത് പ്രകാരം 1800765 രൂപ അടവാക്കിയിട്ടുണ്ട്.

ചീഫ് എൻജിനീയർ പി.ഡബ്ല്യു.ഡി റോഡ്സിന്റെ 30..03.2019 ലെ സി.ഇ./ആർ&ബി/ജി.എൽ-ആർ.സി/2/2019 നമ്പർ സർക്കുലർ പ്രകാരം ബി.റ്റി. സർഫസിൽ മിനിമം റെസ്റ്റോറേഷൻ വിഡ്ത്ത് 1 മീറ്ററായി എടുക്കണം. ഫയലിൽ കാണിച്ചിട്ടുള്ള എല്ലാ റോഡുകളും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ബി.എം.&ബി.സി.റോഡുകളാണ്. ഇതു പ്രകാരം റെസ്റ്റോറേഷൻ ചാർജ് കണക്കാക്കുമ്പോൾ

ട്രഞ്ച് നീളം- 1.5 മീറ്റർ

ട്രഞ്ച് വീതി- 0.6 മീറ്റർ (എടുക്കേണ്ടത് 1 മീറ്റർ)

329 ജി.ഐ. പോൾ സ്ഥാപിക്കുന്നതിന്റെ റേസ്റ്റോറേഷൻ വിസ്തീർണ്ണം

329X1.5x1=493.5 $M^2$

ബി.എം.&ബി.സി. റോഡുകൾക്ക് ബാധകമായ നിരക്ക്- 4069.51 രൂപ/ ച.മീ.

| | |
|---|---|
| ആകെ ഈടാക്കേണ്ട തുക (493.5x 4069.51 ) | 2008303 |
| ഈടാക്കിയ തുക | 1800765 |
| ഈടാക്കിയതിലുള്ള കുറവ് | 207538 രൂപ. |

തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1.5 മീ X 1.5 മീ. വലിപ്പമുള്ള 478 പോളുകൾ സ്ഥാപിക്കുന്നതിനുള്ള കുഴികൾ എടുക്കുന്നതിനാണ് റിലയൻസ് ഇൻഫോകോം ലിമിറ്റഡ് അനുമതി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഇവയിൽ ചിലത് സമീപ നഗരസഭകളിൽ പെടുന്നവെന്നതിനാലും, കുഴികളുടെ വീതി 0.6 മീറ്ററായി പരിമിതപ്പെടുത്തണമെന്ന് റിലയൻസ് ഇൻഫോകോം ലിമിറ്റഡ് ആവശ്യപ്പെട്ടിരുന്നത് കണക്കിലെടുത്തുമാണ് തുക കണക്കാക്കിയത് എന്ന് അസി.എൻജിനീയർ വാക്കാൽ മറുപടി തന്നിട്ടുണ്ട്. എന്നാൽ റിലയൻസ് ഇൻഫോകോം ലിമിറ്റഡിന്റെ ഈ ആവശ്യം സംബന്ധിച്ച് ഫയലിൽ രേഖകളില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ

| വർഷം | സർട്ടിഫിക്കേഷന് പരിശോധിച്ച തീയതി | കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | | |

.

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 13,40,000/- | 9,40,000 | ലൈഫ് മിഷൻ ഭവന പദ്ധതി (പദ്ധതി നം 30/20) | 3,80,000 | 9,00,000 |
| | | | 0 | ലൈഫ് മിഷൻ ഭവന പദ്ധതി (പദ്ധതി നം 38/20) | 10,00,000 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 5,10,000 | 5,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി (പദ്ധതി നം 67/20) | 3,40,000 | 14,14,555 |
| | | | 16,64,555 | ലൈഫ് മിഷൻ ഭവന പദ്ധതി (പദ്ധതി നം 30/20) | 9,20,000 | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,01,300 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 2,01,300 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,53,000 | നെൽകൃഷി വികസന പദ്ധതി | 1,53,000 | 0 |

സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ തുടങ്ങിയിട്ടുള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ട് പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ജി.ഒ(പി) നം 07/2017/ഫിൻ തീയതി 23.01.2017 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫണ്ട് കൈമാറുന്ന സ്ഥാപനം സെപ്റ്റംബർ 30നകം ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം, പദ്ധതി നടപ്പാക്കുന്ന സ്ഥാപനം സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനത്തിലേക്ക് തിരിച്ചടക്കണം, പണമാക്കാത്ത ചെക്കുകളുടെ തുക മാത്രമേ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളൂവെന്ന് ഉറപ്പാക്കണം തുടങ്ങിയവയാണ് ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ. എന്നാൽ പഞ്ചായത്തിന്റെ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ 31.03.2020 ലെ നീക്കിയിരിപ്പ് തുക 25,81,832/- രൂപയാണ്. ഇതിൽ മേൽ പട്ടിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള 9,00,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള 14,14,555/- രൂപയും അംഗൻവാടി പൂരകാഹാര പരിപാടിക്ക് ലഭിച്ച കേന്ദ്ര വിഹിതമായ 2,17,277/- രൂപയും (തെറ്റായി കണക്കിലെടുത്തത്), പ്രളയ ദുരിതാശ്വാസത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 50,000/- രൂപയും ഉൾപ്പെടുന്നു. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ചെലവഴിക്കാത്ത തുകകൾ അതാത് സ്ഥാപനത്തിലേക്ക് തിരിച്ചടക്കേണ്ടതും, തെറ്റായി അക്കൗണ്ടിൽ ഉൾപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ഈ അക്കൗണ്ടിൽ നിന്നും മാറ്റിയിടേണ്ടതുമാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം (പ്രോ.നം 48) | 15/20.0919 | 24100 | 0 | 24,100 |
| | കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം (പ്രോ.നം 147) | 4/13.06.19 | 6,84,000 | 0 | 6,84,000 |
| | കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം (പ്രോ.നം 193) | 718120/ 13.12.19 | 2,54,000 | 0 | 2,54,000 |
| | കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം (പ്രോ.നം 191) | 28/ 02.12.19 | 97,000 | 0 | 97,000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 19/ 06.11.19 | 13,907 | 0 | 13,907 |

460500201-Advance To Implementing Agencies- Deposit With KWA എന്ന അക്കൗണ്ട് ഹെഡിന്റെ ലെഡ്ജർ പ്രകാരം തൻവർഷം 11,76,187/-രൂപ മുൻകൂർ നൽകിയിട്ടുള്ളതായി കാണുന്നു. ഇതിൽ 1,17,087/- രൂപ പദ്ധതി നം 148/19-20 -പൈപ്പ് ലൈൻ-കട്ടേപ്പാടം റോഡ് കട്ടവിരിക്കൽ പ്രകാരമുള്ള ചെലവ് തെറ്റായി ഈ ഹെഡിൽ ബുക്ക് ചെയ്തതുമൂലമുള്ളതാണ്. ഈ അക്കൗണ്ട് ഹെഡ് പ്രകാരം ആകെ 16,18,941/- രൂപയുടെ മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതും, തെറ്റായി അക്കൗണ്ട് ചെയ്ത 1,17,087/- രൂപക്ക് കറക്ഷൻ എന്ട്രി നടത്തേണ്ടതുമാണ്.

460500202-Advance To Implementing Agencies- Deposit With KSEBഎന്ന അക്കൗണ്ട് ഹെഡിന്റെ ലെഡ്ജർ പ്രകാരം തൻവർഷം 5,00,000/-രൂപയുടെ വരവാണുള്ളത്. ഇത് മുൻവർഷത്തെ കറക്ഷൻ എൻട്രിയാണ്.തൻവർഷം മുൻകൂർ നൽകിയ 13,907/- രൂപ ഈ ഹെഡിലല്ല ബുക്ക് ചെയ്തിട്ടുള്ളത്. ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകുമ്പോൾ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതുവരെ മുൻകൂർ ഹെഡിലാണ് കണക്ക് രേഖപ്പെടുത്തേണ്ടത്. ഈ അക്കൗണ്ട് ഹെഡ് പ്രകാരം ആകെ 14,05,226/- രൂപയുടെ മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | | | |
| ഇല്ല | | | | | |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരം ഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം | 10.10.2018 | 25,07,271 | 7271 | 7271 | 0 | 0 |
| 2 | കെ.യു.ആർ. ഡി. എഫ്- ലൈഫ് മിഷൻ ഭവനനിർമ്മാണം | - | 94,29,692+ 35,20,000 * | 94,29,692 | 764706 | 0 | 1,21,84,986 |

* തൻവർഷം എടുത്ത വായ്പ.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 14,69,415 |
| ആകെ | 2,14,69,415 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,14,69,415 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | SBI തായിക്കാട്ടുകര | 10/04/2019 | 181 Days | 1,05,77,215 | |
| 2 | SBI തായിക്കാട്ടുകര | 29.12.2019 | 1 Year | 1,,08,92,200 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 5,27,453/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 2-2 | 150 | ഈറ്റ് ട്രീറ്റ് റസ്റ്റോറന്റ് | 119030107346/17.02.2020 |
| 2018-19 | 2-2 | 1350 | പോത്തൻ വെഹിക്കിൾസ് & സർവീസസ് പ്രൈ ലി. | 19030107183/12.02.2020 |
| 2018-19 | 2-3 | 525953 | റിലയൻസ് ജിയോ ഇൻഫോകോം. ലിമിറ്റഡ് | 19030400016/07.02.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 2 (12) മരാമത്ത് പണികൾക്കും, മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 2006-07 | 3.39.1.2 | പഞ്ചായത്ത് ലൈബ്രറി ഹാൾ വികസനം | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | ഇടവനപ്പാടം സാംസ്കാരിക നിലയം | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | | തണ്ടിരിക്കൽ കാന പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | വേവ്കാട്ടിൽ ലൈൻ റോഡ് | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | മുണ്ടയത്ത് പറമ്പ് റോഡ് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | | ചേനക്കപ്പാടം റോഡ് പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,93,77,708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,16,53,022 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,07,538 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>.

ഇല്ല

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരും, മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഒദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷഹനാസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അവധിയിൽ | ഷഹനാസ് അഷ്റഫ്, മുത്തയിൽ വീട്, ബീരാക്കുട്ടി റോഡ്, ഇടപ്പിള്ളി-682024 |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| | |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (2)/19, 8.7.2019 |
| 1997-98 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (3)/19, 8.7.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (4)/19, 8.7.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (5)/19, 8.7.2019 |
| 2001-02 വരവ് | എൽ.എഫ്.ഇ (പി5) 890/06, 19.01.2007 |
| 2001-02 ചെലവ് | എൽ.എഫ്.ഇ (പി5) 752/05, 22.02.2006 |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09, 08.03.2010 |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/08,05.01.2009 |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11, 13.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11, 13.02.2012 |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11, 13.02.2012 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (1)/18, 08.08.2018 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (2)/18, 08.08.2018 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (3)/18, 08.08.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി5)1848/16, 07.07.2018 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി5)1515/17, 25.07.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി5) 1955/18, 06.07.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി5) 1178/19, 16.09.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീരിപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്